"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - ബെവ്കോ ജീവനക്കാര്യം - ശ്രീ.സന്തോഷ് കുമാർ എസ്സ്, ഡ്രൈവർ, ട്രാക്കോ കേബിൾ കമ്പിനി ലിമിറ്റഡ് - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.493/2024/TAXES തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-

1. 14.03.2023 ലെ സ.ഉ (സാധാ) 180/2023/നികുതി.
2. ശ്രീ.സന്തോഷ് കുമാർ എസ്സ് 15.02.2024ൽ സമർപ്പിച്ച അപേക്ഷ.
3. ട്രാക്കോ കേബിൾ കമ്പിനി ലിമിറ്റഡ് യൂണിറ്റ് ഹെഡിന്റെ 08.02.2024 ലെ P&A/DEP/25നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
4. കെ.എസ്സ്.ബി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 13.03.2024 ലെ KSBC/FIN/P4/2023-24 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യവസായ വകുപ്പിന് കീഴിലുള്ള ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിലെ ഡ്രൈവർ ശ്രീ.സന്തോഷ് കുമാർ എസ്സ്- നെ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ തിരുവനന്തപുരം ഹെഡ് ഓഫീസിൽ ഡ്രൈവർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അന്യത്ര സേവനം 22.03.2024- ൽ പൂർത്തിയായതിനാൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകണം എന്ന് ശ്രീ.സന്തോഷ് കുമാർ എസ്സ് പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ശ്രീ.സന്തോഷ് കുമാർ എസ്സ് ന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് മാതൃസ്ഥാപനമായ ട്രാക്കോ കേബിൾ കമ്പിനി ലിമിറ്റഡ് പരാമർശം (3) പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ശ്രീ.സന്തോഷ് കുമാർ. എസ്സ്- ന്റെ അന്യത്ര സേവന കാലാവധി 23.03.2024 മുതൽ 1 വർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിലെ ഡ്രൈവർ ശ്രീ.സന്തോഷ് കുമാർ. എസ്സ്- ന്റെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി 23.03.2024 മുതൽ ഒരു വർഷത്തേയ്ക്കോ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ എന്ന ക്രമത്തിൽ ദീർഘിപ്പിക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമെൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യ-യ്ക്ക് ശ്രീ.സന്തോഷ് കുമാർ എസ്സ് അർഹനാകുന്നതല്ല . 23.03.2024 മുതൽ ഒരു വർഷം

തികയുന്ന/പബ്ലിക് സർവ്വീസ കമ്മീഷൻ് മുഖാന്തിരം നിയമനം നടക്കുന്ന മുറയ്ക്ക് ടിയാനെ മാതൃസ്ഥാപനത്തിലേയ്ക്ക് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വിടുതൽ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രഗോപൻ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ് ബി.സി, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.

2) അസിസ്റ്റന്റ് മാനേജർ (LEGAL/P&A), ട്രാക്കോ കേബിൾ കമ്പിനി ലിമിറ്റഡ്, രജി.ഓഫീസ്, സീപോർട്ട് എയർപോർട്ട് റോഡ്, ഇരിമ്പനം പിഒ , തൃപ്പൂണിത്തുറ,എറണാകുളം - 682309

3) ബന്ധപ്പെട്ട ജീവനക്കാരന്. (കെ.എസ്സ്.ബി.സി മുഖാന്തിരം)

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

6) വെബ്ബ് ആന്റ് ന്യൂ മീഡിയ

7) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/70/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 10-06-2024 11:18:55